# പരിണാമം



വിരിഞ്ഞ മന്ദസ്മിതമൊടു വീണ്ടും
വിരുന്നു വരുമീ പ്പുലരൊളിയിൽ

നനഞ്ഞ പൂവിതൾ നോക്കിയിരിപ്പൂ
നിറഞ്ഞു വിങ്ങും കവിഹൃദയം.

തണുത്തുറഞ്ഞൊരു മഞ്ഞിൻമകുടം
തലയ്ക്കു ചൂട്ടിയ മാമലയിൽ

പ്രപഞ്ചഭാവന കൂമ്പിയ മാതിരി–
യൊളിഞ്ഞിരുന്നു നീ വിണ്ണിൽ.

അഗാധമായിട്ടുമലയാളികളിൽ
തനിച്ചു നീന്തിയ നാളുകളിൽ

ഏതോ കദനമുറഞ്ഞൂ മുത്തായ്
പേലവമാകിയ നിൻ കരളിൽ.

കിനാവു കണ്ടു മയങ്ങിയ കുന്നിൻ
താഴ്വരയികൽ പുളകം പോൽ

പിറന്നു നീയൊരു പനിനീർമൊട്ടായ്
പ്രശാന്തസുന്ദരമൊരു രാവിൽ.

നിലാവു മുത്തം നൽകിയ കവിളിൽ
പരാഗശോണിമയുണരുമ്പോൾ

മനം കവർന്നൊരു മലരേ! വാടി–
ത്തളർന്നു വീണു നീ മണ്ണിൽ.

അമ്പിളി ചൂട്ടിയ മനത്തന്തി–
ക്കതിരുകൾ നെയ്തൊരു സകല്പം

മുകരാനണയുകയില്ലേ നിൻകരൾ
തഴുകിയ സുന്ദര സ്വപ്നങ്ങൾ?

വിരിഞ്ഞ മന്ദസ്മിതമൊടു വീണ്ടും
വിരുന്നു വരുമീ പ്പുലരൊളിയിൽ

കൊഴിഞ്ഞ പൂവിതൾ നോക്കിയിരിപ്പൂ
നിറഞ്ഞു വിങ്ങും കവിഹൃദയം. ■ 1963